


# MASTER PLAN
## NSS VHSS MUNDATHICODE

# ഉള്ളടക്കം

* ആമുഖം.
    * സ്കൂൾ ചരിത്രം.
    * നേട്ടങ്ങൾ
    * സ്കൂളിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ
* പൊതുലക്ഷ്യങ്ങൾ
* പരിമിതികൾ
* കാഴ്ചപ്പാട്
* അക്കാദമികം - വിവിധ വിഷയങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ
* മറ്റു പ്രവർത്തനങ്ങൾ
* പദ്ധതി വിശദാംശങ്ങൾ - പ്രതീക്ഷിക്കുന്ന ചിലവുകൾ
* ഉപസംഹാരം

# ആമുഖം.

## സ്കൂൾ ചരിത്രം.

ദൂരവും കാലവും ചുരുങ്ങുന്ന ഒരുങ്ങുന്ന ഈ ഇന്റർനെറ്റ് യുഗത്തിൽ പരിണാമങ്ങളും പരിഷ്കാരങ്ങളും വേഗത്തിന്റെ ഭാഷ്യം മുഖഛായ മാറ്റി മറിച്ചുകൊണ്ടിരിക്കുമ്പോൾ അറിവിന്റെ അനർഘ കിരണങ്ങൾ പ്രസരിപ്പിക്കുന്ന ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്ന മുണ്ടത്തിക്കോട് എൻ. എസ്. എസ് വെങ്കിട്ടറാം ഹയർസെക്കന്ററി സ്കൂളിന്റെ ചരിത്രത്താളുകൾ ഇവിടെ ഒന്നു മറിച്ചുനോക്കുന്നു.

വേലൂർ ഗവൺമെന്റ് സ്കൂളിലെ അധ്യാപകനും നെന്മാറ സ്വദേശിയുമായ ശ്രീ. CK. നായർ തന്റെ മകളായ കമലാബായിയുടെ പേരിൽ 1941 ജൂൺ മാസത്തിൽ സ്ഥാപിച്ചതാണ് കമലാലയം ലോവർ സെക്കന്ററി സ്കൂൾ. തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ മുണ്ടത്തിക്കോട് പഞ്ചായത്തിൽ 10-ാം വാർഡിൽ പെട്ട ഈ വിദ്യാലയം വടക്കാഞ്ചേരി റെയിൽവേസ്റ്റേഷനിൽ നിന്ന് പത്ത് കിലോമീറ്റർ തെക്ക് പടിഞ്ഞാറ് ഭാഗത്തായി മുണ്ടത്തിക്കോട് ദേശത്ത് പ്രസിദ്ധമായ പാതിരിക്കോട്ടുകാവ് ക്ഷേത്രത്തിന് അഭിമുഖമായാണ് സ്ഥിതി ചെയ്യുന്നത്. ആദ്യവർഷം അഞ്ചാംക്ലാസ് മാത്രമാണ് ഉണ്ടായിരുന്നത്.

ആദ്യ ഹെഡ്മാസ്റ്റർ ശ്രീ സുധാകരമേനോൻ ആയിരുന്നു. സ്കൂളിൽ ആകെ രണ്ട് അധ്യാപകരെ ഉണ്ടായിരുന്നുള്ളൂ. 1943ൽ ശ്രീ. C.K.നായർ സ്കൂൾ ശ്രീ. M.S വെങ്കിടരാമയ്യർക്ക് കൈമാറുകയും അദ്ദേഹം സ്കൂൾ ഹെഡ്മാസ്റ്ററായി നിയമിതനാവുകയും ചെയ്തു. 1944 ജൂൺ മാസത്തിൽ ഹൈസ്കൂളായി മാറി. മുണ്ടത്തിക്കോട് ഹൈസ്കൂളിലെ ആദ്യ അധ്യാപിക 1946ൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ഗൗരി നങ്ങ്യാർ ആയിരുന്നു. സ്കൂളിലെ ആദ്യ SSLC ബാച്ച് 1947ൽ ആണ് പുറത്തിറങ്ങിയത്. 32 കുട്ടികൾ പരീക്ഷ എഴുതിയതിൽ 14 ഫസ്റ്റ് ക്ലാസോടെ 30 കുട്ടികൾ വിജയിച്ചു. നാൽപത്തിയഞ്ചോളം സ്റ്റാഫും ആയിരത്തിൽ പരം കുട്ടികളും ഉള്ള ഈ വിദ്യാലയത്തെ ശ്രീ. മന്നത്ത് പത്മനാഭൻ സ്ഥാപിതവും കേരളത്തിൽ അങ്ങോളമിങ്ങോളം പടർന്നു പന്തലിച്ചുനിൽക്കുന്ന വലിയ സംഘടനയുമായ NSSന് വെങ്കിട്ടരാമയ്യർ 21-7-1980ൽ കൈമാറി. അതോടെ ഹൈസ്കൂൾ മുണ്ടത്തിക്കോട് NSS വെങ്കിട്ടറാം ഹൈസ്കൂൾ ആയി മാറി. രണ്ടായിരമാണ്ടിൽ സെക്കന്ററി വിഭാഗം നിലവിൽവരികയും സ്കൂൾ NSS വെങ്കിട്ടറാം ഹയർ സെക്കന്ററി സ്കൂൾ ആയി ഉയരുകയും ചെയ്തു.

ഇപ്പോൾ ഇവിടെ യു.പി. വിഭാഗത്തിൽ വിദ്യാർത്ഥികളും എച്ച് എസ് വിഭാഗത്തിൽ

വിദ്യാർത്ഥികളും പഠിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന ഈ സ്കൂളിൽ യു.പി. എച്ച് എസ് വിഭാഗത്തിൽ 19 അധ്യാപകരും എച്ച്. എസ് എസ്. വിഭാഗത്തിൽ 20 പേരും ജോലി ചെയ്തുവരുന്നു. ശ്രീമതി ശ്രേയസ്സ് ടീച്ചർ പ്രിൻസിപ്പാളും ശ്രീമതി വിണ ടീച്ചർ പ്രധാന അധ്യാപികയുമാണ് കൂടാതെ സ്കൂളിൽ അധ്യാപക രക്ഷാകർതൃ സംഘടന, മാതൃ സംഘടന എന്നിവ വളരെ സജീവമായി പ്രവർത്തിച്ചുവരുന്നു.

ജീവിതത്തിന്റെ നാനാതുറകളിലും സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രാഷ്ട്രീയ ശാസ്ത്ര രംഗങ്ങളിൽ ഉയർന്ന സ്ഥാനത്ത് വർത്തിക്കുന്ന പലരെയും സംഭാവന ചെയ്തിട്ടു ഈ ഈ വിദ്യാലയത്തിന്റെ വർഷത്തെ സേവന പാരമ്പര്യം ഗണ്യമാണ്. ശക്തമായ NSS മാനേജ്മെന്റിന്റെ നേതൃത്വത്തിൽ ഈ വിദ്യാലയം ഉന്നതിയിലേക്ക് കുതിക്കുകയാണ്. അറിവിന്റെ നെയ്ത്തിരിയുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നവർ ഈ സരസ്വതീക്ഷേത്രത്തിന്റെ പ്രശസ്തി നാൾക്കുനാൾ വളർത്തുന്നു.

## നേട്ടങ്ങൾ

SSLC വിജയശതമാനം

2017-18 - 100%.
2018-19 - 100%.
2019-20 - 100%.
2020-21 - 100%.
2021-22 - 100%.
2022-23 - 100%.
2023-24 100%.
2024-25 100%.

കഴിഞ്ഞ അധ്യയനവർഷങ്ങളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് USS സ്കോളർഷിപ്പ് ലഭിച്ചുവരുന്നു. എല്ലാവർഷങ്ങളിലും ശാസ്ത്രമേളകളിലും സാമൂഹ്യശാസ്ത്രമേളയിലും പ്രവൃത്തി പരിചയമേളയിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്താറുണ്ട്. കലോത്സവങ്ങളിലും മികച്ച പങ്കാളിത്തം ഉറപ്പുവരുത്തി കുട്ടികൾ മുന്നോട്ടുവരാറുണ്ട്.

ഉപജില്ല കായികമേളയിൽ മികച്ച
പ്രകടനം കാഴ്ചവെച്ച് സംസ്ഥാനതലത്തിലേക്ക്
ഹർഡിൽസ് ചെയ്ഞ്ചും ഞജ്ജിന് [illegible]
കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടു. ഉപജില്ല
കലോത്സവത്തിൽ യു പി വിഭാഗം ഒന്നാം സ്ഥാനം
കരസ്ഥമാക്കി. അതുപോലെ ഹയർസെക്കന്ററി
വിഭാഗവും മികച്ച പോയിന്റോടെ ഒന്നാംസ്ഥാനം
കരസ്ഥമാക്കി.

ഉപജില്ല ശാസ്ത്രമേളയിൽ
ഹൈസ്കൂൾ വിഭാഗത്തിൽ ഓവറോൾ ഒന്നാംസ്ഥാനം നേടി. പാഠ്യേതര പ്രവർത്തനങ്ങളിൽ
മാത്രമല്ല പഠന പ്രവർത്തനങ്ങളിലും മികച്ച
പ്രകടനം കാഴ്ചവെക്കാൻ കുട്ടികൾക്ക്
കഴിഞ്ഞിട്ടുണ്ട്.

സ്കൂളിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ

JRC

കുട്ടികളിൽ സേവനതൽപരതയും സാമൂഹിക പ്രതിബദ്ധതയും വളർത്തുന്നതിനായി സ്കൂളിൽ ജൂനിയർ റെഡ് ക്രോസിന്റെ ഒരു യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

പരിസ്ഥിതിക്ലബ്ബ്.

വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം വളർത്തുന്നതിനും പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനുമായി പരിസ്ഥിതിക്ലബ്ബ് പ്രവർത്തിച്ചുവരുന്നു.

ക്ലാസ്സുകൾ

ഗണിതാഭിരുചി വളർത്താൻ ഗണിതക്ലാസ്സുകൾ നടത്തിവരുന്നു.

ലഹരിവിരുദ്ധക്ലാസ്സുകൾ.

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ക്ലാസ്സുകൾ, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തിവരുന്നു.

കരിയർ ഗൈഡൻസ്.

10-ാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് എല്ലാവർഷവും നടത്തിവരുന്നു

## കോർണർ PTA

വിദ്യാലയത്തിന്റെ സാമൂഹികപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും രക്ഷിതാക്കളുമായി കൂടുതൽ ഇണങ്ങുന്നതിനും കോർണർ PTA നടത്തിവരുന്നു.

## ഉച്ചഭക്ഷണപരിപാടി

5-ാം ക്ലാസ്സ് മുതൽ 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം പോഷകസമൃദ്ധമായി കൊടുക്കുന്നു. അതിനായി നവീകരിച്ച അടുക്കള, ടൈൽ ഇട്ട് വെച്ചുപെടുത്തിയ ഡൈനിംഗ്ഹാൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. ആഴ്ചയിൽ രണ്ട് ദിവസങ്ങളിൽ പാലും ആഴ്ചയിൽ ഒരു ദിവസം മുട്ടയും നൽകുന്നു. വിശേഷ അവസരങ്ങളിൽ പായസം, ബിരിയാണി പപ്പടം എന്നിവ നൽകി വരുന്നു.

## പഠനോത്സവം.

എല്ലാ വർഷാവസാനവും 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ കുട്ടികൾ ചെയ്ത പഠന പ്രവർത്തനങ്ങളുടെ പ്രദർശന അവതരണം എന്നിവ പഠനോത്സവം എന്ന പേരിൽ രക്ഷകർത്താക്കളുടെ സാന്നിധ്യത്തിൽ വിപുലമായ രീതിയിൽ ചെയ്ത് വരുന്നു. ഭാഷാപഠനവുമായി ബന്ധപ്പെട്ട് സ്കിറ്റ്, ഡ്രാമ, പദ്യപാരായണം, പ്രസംഗം തുടങ്ങിയവയെല്ലാം കുട്ടികൾ അവതരിപ്പിക്കുന്നു. മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ട്

കലാപരിപാടികളും അവതരിപ്പിക്കാറുണ്ട്.

## അക്ഷരകളരി.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷരകളരി എന്ന പേരിൽ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. മലയാളം, കണക്ക് ഇംഗ്ലീഷ്, ഹിന്ദി എന്നി വിഷയങ്ങളിൽ ക്ലാസുകൾ നടത്തിവരുന്നു.

## സായാഹ്ന ക്ലാസുകൾ.

പത്താം ക്ലാസിലെ കുട്ടികൾക്കായി 3.30 നു ശേഷം സായാഹ്നക്ലാസുകൾ നടത്തി വരുന്നു.

## ഗൃഹസന്ദർശനം.

5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ ഗൃഹസന്ദർശനം നടത്തിവരുന്നു. കുട്ടികളുടെ ഗൃഹാന്തരീക്ഷത്തെ കുറിച്ചും ചുറ്റുപാടുകളെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഇത് വളരെ സഹായകമാകാറുണ്ട്.

## മോട്ടിവേഷൻ ക്ലാസുകൾ

എല്ലാ വർഷവും പത്താം ക്ലാസിലെ കുട്ടികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ നടത്തി വരുന്നു.

USS NMMS കോച്ചിംഗ്.

എല്ലാ വർഷവും USS, NMMS പരീക്ഷക്ക് ഉള്ള കുട്ടികൾക്ക് പ്രത്യേകമായി പരിശീലനം നടത്തിവരുന്നു.

ഫുട്ബോൾ കോച്ചിംഗ്

കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും ഫുട്ബോളിൽ താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുമായി foot-ball coaching നടത്തിവരുന്നു.

10-ാം ക്ലാസിലെ കുട്ടികൾക്കുള്ള special coaching, Remedial classes. 5, 6, 7 ക്ലാസുകളിലെ മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി "മലയാളത്തിളക്കം", തുടർപ്രവർത്തനങ്ങൾ, ഗൃഹസന്ദർശനം എന്നിവ നടത്തിവരുന്നു.

## പരിമിതികൾ

* അടച്ചുറപ്പുള്ള ക്ലാസ്റൂമുകളുടെ അഭാവം
* കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കമ്പ്യൂട്ടറുകൾ ഇല്ലാത്ത അവസ്ഥ.
* ആവശ്യത്തിന് സ്മാർട്ട് ക്ലാസ് റൂമുകൾ ഇല്ലാത്ത അവസ്ഥ.
* ഓഡിറ്റോറിയം, ലാബ്, ലൈബ്രറി, ഡൈനിംഗ് ഹാൾ എന്നിവയുടെ അപര്യാപ്തത.
* സ്പെഷ്യൽ ടീച്ചർ, ആർട്ട്, വർക്ക് എന്നിവ കൈകാര്യം ചെയ്യാനുള്ള അധ്യാപകർ ഇല്ലാത്ത അവസ്ഥ.
* ശുചിമുറികളുടെ കുറവ്.

പാഠ്യപാഠ്യേതര മേഖലകളിൽ ഉന്നത നിലവാരം പുലർത്തുമ്പോഴും മുകളിൽ സൂചിപ്പിച്ച പരിമിതികൾ നിലനിൽക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
* ഓരോ കുട്ടിയുടേയും വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക
* കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടേയും സവിശേഷവായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളേയും പഠനനേട്ടത്തിന് തുല്യമായി അവസരങ്ങൾക്ക് സജ്ജരാക്കുക.
* പെൺകുട്ടികൾക്ക് പദവി, അവസരതുല്യത, ആത്മവിശ്വാസം, പ്രതികരണശേഷി, വിമർശനാവബോധം വിശകലനശേഷി എന്നിവ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ ഒരുക്കുക.
* മാലിന്യ, ലഹരിവിമുക്ത കാമ്പസ് രൂപപ്പെടുത്തുക
* ജൈവവൈവിധ്യ ഉദ്യാന കാമ്പസ് സൃഷ്ടിക്കുക.

# കാഴ്ചപ്പാട്

നവതിയോടടുക്കുന്ന ഈ സരസ്വതി ക്ഷേത്രത്തെ മികവിന്റെ ഉന്നതങ്ങളിലെത്തിക്കുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

പരീക്ഷകളിലെ ഉന്നത വിജയം മാത്രമല്ല ഒരു വിദ്യാർത്ഥിയുടെ സർവ്വോത്മകമായ വികാസം പ്രധാന ലക്ഷ്യമായി അതിനുതകുന്ന പ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഓരോ ക്ലാസിലും ഒരു വിദ്യാർത്ഥി നേടേണ്ട പഠന നേട്ടങ്ങളോടൊപ്പം തന്നെ കല, കായികം, ആരോഗ്യം, തൊഴിൽ എന്നീ മേഖലകളിലും അഭിരുചിക്കനുസൃതമായി കുട്ടികൾ വളരേണ്ടതുണ്ട്. അതിനുള്ള പ്രവർത്തനങ്ങളും പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്.

കുട്ടികൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതുപോലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും അറിവ് ഉണ്ടായിരിക്കണം. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, പെൺകുട്ടികൾ എന്നിവർക്ക് ആത്മവിശ്വാസം നൽകുന്ന പ്രവർത്തനങ്ങൾ, ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടിയെടുക്കുന്ന പ്രവർത്തനങ്ങൾ, ശാസ്ത്രാവബോധം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ കുട്ടികളെ മികവിലേക്ക് നയിക്കുന്നവയാണ്.

# അക്കാദമികം

## വിവിധ വിഷയങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

HS - മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ദിനാചരണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | ക്വിസ്, പ്രസംഗം, ദൃശ്യാവിഷ്കാരം<br>പുസ്തകപ്രദർശനം, പുസ്തകവായന. | 10 മാസം | സ്മാർട്ട്ഫോൺ, ലൈബ്രറി ഇന്റർനെറ്റ് | പി.ടി.എ അധ്യാപകർ |
| 2) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ, വാക്യങ്ങൾ നിർമിക്കൽ<br>ചിത്രം- അടിക്കുറിപ്പ്, ചിത്രം- കഥ എഴുതൽ | 4 മാസം | പുസ്തകങ്ങൾ ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| 3. കുട്ടിയെ മികച്ച വായനക്കാരനാക്കുക. | - ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>- പത്രവായന, വായനാനുഭവം<br>- വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>- ദിനാചരണം.<br>- സാഹിത്യകാരൻമാരുടെ അഭിമുഖം<br>- ദിനാചരണം | 6 മാസം | സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ. ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | പി.ടി.എ അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനുള്ള പാടവം വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം. പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം) അവതരിപ്പിക്കുന്ന ഭാഷാകേളി. | ജൂൺ | മലയാളം അധ്യാപകർ |
| | അക്ഷരങ്ങളും പദങ്ങളും അവർ അറിയുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | " |
| പഠിതാവിൽ അന്തർലീനമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്. പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണങ്ങൾ ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂൺ | " |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്വിസ്, സ്കിറ്റ്, ഡെയ്ലി ന്യൂസ് ബുള്ളറ്റിനുകൾ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | എല്ലാ മാസവും | |

1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | മൂല്യ |
|---|---|---|---|
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിക്കുന്നു | | വിലയിരുത്തൽ |
| സാഹിത്യ കൃതികളും സാഹിത്യകാരൻ മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുന്നു. | സംവാദം/ മുഖാമുഖം. സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 3 തവണ | " |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം. പാഠഭാഗവുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ ഇടങ്ങിയവ സ്കൂൾതല- ക്ലാസ്സ്തലത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരൻമാരെയും മറ്റു കലാകാരൻമാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | [illegible] | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല |
|---|---|---|---|
| കുട്ടികളുടെ അവതരണ മികവ്. | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ |
| മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടിയെടുക്കുക. | മുഴുവൻ കുട്ടികളെയും മലയാളം കീബോർഡ് പരിചയപ്പെടുത്തി പരിശീലിപ്പിക്കുന്നു | വർഷാവസാനം | " |

| Class/Aim | Activities | Time | Incharge |
|---|---|---|---|
| 1) To enable the children speak confidently in English | Spoken English Class, English Assembly | Morning Assembly | |
| 2) Provide inspiration for expressions in English | Roleplay, Movie screening for profile writing, Choreography | Twice a year | |
| 3) Empower independent speaking, reading and writing | Simple Games, NewsPaper Reading, My Diary, News Reading in the Assembly | Vacation | |
| 4) Dramatization | English Assembly, Skit, Puppet Show English Fest | Class room Activities | |
| 5) Make them prepare for Vercification and recitation | English Audio, Appreciation of Poems Book Reviews, Magazine | Twice a year | |
| 6) Debate Classes | Debate on popular topics | Once a year | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അതുപോലെ സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് നാടകങ്ങൾ വെച്ച് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Follow Me If you can — ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ നാടകാവതരണം വെച്ച് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | One man Show - അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too can!!! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (Simple to Complex) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | " |

| | | | | |
|---|---|---|---|---|
| | FM Corner – വ്യത്യസ്തമായ കഥകൾ Reader's Theatre രീതിയോ സ്വാഭാവിക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ് |
| | Reader of the Month – ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month-നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | " |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets – കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ | " |
| | Alert Zone – സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | " | " |
| | Run Baby Run – ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്കുകൾ തെറ്റു കൂടാതെ എഴുതുന്ന ഗ്രൂപ്പിനെ | ഫെബ്രുവരി | " | " |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉണർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവിണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥ പറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷവുമായി ഏഴാം ക്ലാസിന് കവിതയുടെ പാരായണം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ചോദ്യോത്തരി / ഫിലിം ഷോ എന്നിവ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, P.T.A ഭാരവാഹികൾ, രക്ഷിതാക്കൾ | ഇംഗ്ലീഷ് ക്ലബ് |

മേഖല യു.പി. ഗണിതം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിതക്രിയകൾ രസകരമായി പഠിതാക്കൾക്കും ഉറപ്പാക്കുക. | ഗണിത ശിൽപ്പശാല കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, ഫ്ലാഷ് കാർഡ്) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2 | ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കാൻ | വിദ്യാലയത്തിൽ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കി ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ക്ലബ്ബിലെ അംഗങ്ങൾ | ഗണിതക്ലബ് PTA |
| 3 | ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിതക്ലബ് PTA |
| 4 | ഗണിത മേഖലയിൽ താത്പര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരുടെ സഹായത്താൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന തരത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5-6 പ്രാവശ്യം | ഗണിത അധ്യാപകർ, ക്ലബ് ലീഡർമാർ | PTA |
| 5 | ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ എന്നിവ പ്രവർത്തനങ്ങൾ ഐ.സി.ടി സാധ്യത | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | Geogebra എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് [illegible] എളുപ്പം കഴിയുന്നു. | | | |
| 6 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ 1 പിരിയഡ് | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | |
| 7 | വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | | | |
| | | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ജൈവവൈവിധ്യ പാർക്ക്: പുനർനിർമ്മാണം. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം തുടങ്ങിയവയുടെ പുനർനിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, Science & health club. | PTA |
| | കണ്ടറിയാനായി യാത്ര പ്രകൃതിയെ തിരിച്ചറിയാനും, സസ്യജന്തുജാലങ്ങളെ കുറിച്ചറിയാനും വയൽ, കൃഷിയിടങ്ങൾ തുടങ്ങിയവ സന്ദർശിക്കൽ. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, class teachers. | PTA |
| | പരീക്ഷണനിരീക്ഷണങ്ങൾ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ നടത്തിയും പരീക്ഷണ കിറ്റുകൾ, പരീക്ഷണ കുറിപ്പുകൾ എന്നിവയുടെ ഉൾപ്പെടുത്തലോടെ പഠനം സാധ്യമാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാൻ ഉള്ള കഴിവ് വളർത്തുക. | -പഠനോപകരണങ്ങളിലൂടെ - ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ തയ്യാറാക്കി കുട്ടികൾക്ക് അവതരിപ്പിക്കാൻ ഉള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, Science & health club | PTA |
| | എക്സ്പോ - എക്സ്പ്ലോർ<br>വിവിധ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ Science & health club | Science club |
| 3) ശാസ്ത്ര സാങ്കേതിക ആശയങ്ങൾ ആധുനിക സാങ്കേതികവിദ്യയുടെ സാധ്യതകളുമായി കോർത്തിണക്കി ശാസ്ത്രപഠനത്തിനായി ഉപയോഗിക്കുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾ ശാസ്ത്രജ്ഞന്മാർ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ പരീക്ഷണങ്ങൾ തുടങ്ങിയവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

മേഖല – [illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ നിർമ്മിക്കുന്ന പാടവം ഉണർവ് പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ നന്നായി കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | P.T.A |
| | പാഠങ്ങളുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകർ | P.T.A. |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 2) ശാസ്ത്ര ലോകത്തെ:- നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | | | |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ മാനേജ്മെന്റ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 3) സയൻസ് ക്ലബ് | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A |
| | സയൻസ് ലാബ്, I.T ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A മാനേജ്മെന്റ് |
| 4) ആയുർവേദ പരിസ്ഥിതി സൗഹൃദ മനോഭാവം <u>വളർത്തുക</u> | കുട്ടികളുടെ ആരോഗ്യം സൂക്ഷിക്കുന്നു. തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ, <u>ഔഷ</u> സസ്യത്തിൽ ഔഷധങ്ങളോടും, പച്ചക്കറി തോട്ടം നിർമ്മിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പരിസ്ഥിതി ക്ലബ് |
| 5) വൈജ്ഞാനിക വിവിധ സ്ഫുരണം | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലും പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | P.T.A മാനേജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| 1. | | സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്. | | | |
| | സാമൂഹ്യശാസ്ത്ര - നൂതന അറിവുകൾ - കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ S.S കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും ഒരു വർഷം | SS ക്ലബ് | - |
| 2 | | പഠനയാത്രകൾ | | | |
| | പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർ ചിത്രങ്ങൾ, കോട്ടകൾ എന്നിവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | S.S. ടീച്ചേഴ്സ് | — |
| 3 | | [illegible] - സംവാദം, സെമിനാർ | | | |
| | ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം. പ്രത്യേക വിഷയങ്ങളിൽ സെമിനാർ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ 1 വീതം | SRG, S.S club | |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം. തുടർന്ന് മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 4 തവണ | S.S ടീച്ചേഴ്സ്, സ്കൂൾ പാർലിമെന്റ് ഭാരവാഹികൾ | |
| 5. | | സോഷ്യൽ സയൻസ് - ലൈബ്രറി | കോർണർ | | |
| | സാമൂഹ്യ ശാസ്ത്ര പഠന കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ 1 തവണ<br>ആഴ്ചയിൽ 1 തവണ | S.S. ടീച്ചേഴ്സ് | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല. |
|---|---|---|---|---|
| 1. | ഭാഷാ ശേഷികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുതി ചിട്ടം ഉറപ്പിക്കൽ. ക്ലാസിൽ അക്ഷരമാല പ്രദർശനം. പാട്ടുകളും കഥകളും കേൾപ്പിക്കൽ. | ജൂൺ - ആഗസ്റ്റ് | ടീച്ചർ. |
| | | ചിത്രങ്ങളുടെ പേര് പറയൽ. പല സന്ദർഭങ്ങൾ. | ജൂൺ - ജൂലൈ | " |
| 2. | വീട് ഒരു പരീക്ഷണശാല നിത്യേനയും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക. | സെപ്റ്റംബർ ഒക്ടോബർ. | " |
| 3 | വായനാലോകം കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക. | ഓരോ പിരിയഡിലും ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിപ്പിക്കുക. | നവംബർ ഡിസംബർ. | |
| 4. | സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ | ക്വിസ് മത്സരങ്ങൾ. ക്ലാസ് ടെസ്റ്റുകൾ നടത്തൽ. | | |
| 5 | പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ, | പ്രത്യേക ക്ലാസുകൾ. | ജൂൺ - മാർച്ച് | റിസോഴ്സ് അധ്യാപിക. |
| 6. | | | | |

# പ്രോജക്ട് പ്ലാൻ – ഗണിതം (HS)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി മിസ്സ് ആയവർക്ക് മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത, ശില്പശാലകൾ | തുടർപ്രവർത്തനം | അധ്യാപകർ | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രായോഗ്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, പിടിഎ. | പിടിഎ |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അദൃശ്യങ്ങൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ്ബ് | പിടിഎ. |
| 5. സഹവർത്തിത്വം ഉണ്ടാക്കൽ | സഹപഠനം. | തുടർപ്രവർത്തനം | അധ്യാപകർ സഹപാഠികൾ | |
| 6. അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുറികളുടെ തുടർ-പഠനം സാധ്യമാക്കി കുട്ടികളിൽ ആത്മവിശ്വാസം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാനുഭവങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ, ഗണിത അധ്യാപകർ | |
| 7. ഗണിത വിഷയത്തിൽ കുട്ടികളുടെ മികച്ച സാധ്യതകൾ | ഗണിതശാസ്ത്ര: ക്വിസ്, കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ഓരോ അവധിദിവസ വൈകുന്നേരങ്ങളിൽ | ഗണിത അധ്യാപകർ | ഗണിതക്ലബ്, മാനേജ്മെന്റ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. ഗണിത മേള വേദിയിലേക്ക് മേഖലകളിൽ ഉയർത്തപ്പെടുന്ന നൈപുണി കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 9. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ്-ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പിടിഎ | പിടിഎ |
| 10. രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു പിടിഎ-നടക്കുന്ന ചർച്ചകൾ നടത്തുക | [illegible], അധ്യാപകർ | അധ്യാപകർ, HM, പിടിഎ പ്രസിഡന്റ്. | |

അക്കാദമിക് മാസ്റ്റർ പ്ലാൻ- ഹിന്ദി

ഭാഷാ വികാസം

ലക്ഷ്യങ്ങൾ

1. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക
2. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക
3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും, സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക
4. എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.
5. സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
7. ഭാഷാ ലാബ്

| Programme | Activity Duration |
|---|---|
| UP തലത്തിലേയും HS തലത്തിലേയും എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിത്രം ഉറപ്പിക്കൽ<br>* അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>* Class ൽ അക്ഷരമാല പ്രദർശനം<br>* ഓൺലൈൻ അക്ഷരമാല കളികൾ<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം |

Activity

* HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ Pre-Test നടത്തി, അവരിലെ പ്രശ്നങ്ങൾ മനസ്സിലാക്കാം.

2. വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ആയ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പറയുക)

* വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളും ഉൾപ്പെടുന്ന വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക
* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം
* CWSN കുട്ടികളുടെ പങ്കാളിത്തം

പിന്തുണ

BRC, DIET, RESOURCE teachers.

PTA BRC.

3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി)

* ഹിന്ദി അസംബ്ലി
* ദിനാചരണങ്ങൾ
* ക്ലാസ് ലൈബ്രറി
* അധിക വായന സാമഗ്രികൾ
* ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ
* ചിത്രം അടിക്കുറിപ്പ്
* ചിത്രം കഥ പറയൽ
* ചിത്രം കഥ എഴുതൽ
* കഥ ബാക്കി എഴുതൽ

* വായന മൂല
* ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ

# കായികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും രോഗപ്രതിരോധത്തിനും | യോഗ പരിശീലനം Freehand exercises. Foot bal, Kho kho, Shuttle Cricket. | June. July | PT Teacher | |
| കായികരംഗത്ത് മികവ് കാണിക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നു | Sports club രൂപീകരിക്കുന്നു | July. | " | |
| മികച്ച കുട്ടികളെ ഉപജില്ല കായിക മേളയിൽ പങ്കെടുപ്പിക്കുന്നു | Schoolsports Meet Sub. Dist. sports meet | Sept- October November | P.T. Teacher | |
| കായികക്ഷമത മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതിനും. | കായിക ക്ഷമത ടെസ്റ്റ്. B M I. | December, Jan, Febru. March | " | |
| ദേശീയതലത്തിൽ ദേശീയമത്സരങ്ങളിൽ പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നു | Football, Kho-kho Cricket- മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | Jan, February | " | |

# കല - പ്രവൃത്തിപരിചയം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തുക | അഭിരുചിക്ക് അനുസരിച്ച് കല, പ്രവൃത്തി പരിചയ ക്ലബുകളിൽ ചേരാൻ ആവശ്യപ്പെടുന്നു Arts club, We. club എന്നിവ ആരംഭിക്കുന്നു | June | ക്ലാസ് അധ്യാപകർ | PTA |
| കലാഭിരുചി വളർത്തുന്നു | കഴിവുകൾക്കനുസരിച്ച് അതാത് വിഷയങ്ങളിൽ വിദഗ്ധരായ അധ്യാപകരുടെ സേവനം ലഭ്യമാക്കുന്നു | June March | PTA ക്ലാസ് അധ്യാപകർ | ,, |
| ഓരോ അധ്യയനവർഷം കഴിയുമ്പോഴും കുട്ടി ഒരു തൊഴിലെങ്കിലും പഠിക്കുന്നു | കുട്ടികൾക്ക് അഭിരുചി അനുസരിച്ച് ഏതെങ്കിലും ഒരു തൊഴിലെങ്കിലും സ്വായത്തമാക്കാൻ കഴിയുന്നു | June. March | PTA ക്ലാസ് അധ്യാപകർ | ,, |

# ജൈവവൈവിധ്യോദ്യാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സമ്പത്ത് |
|---|---|---|---|---|
| ജൈവവൈവിധ്യം കുട്ടികളിൽ വളർത്തുന്നതിന് | ജൈവവൈവിധ്യോദ്യാനം വിപുലീകരിക്കുന്നു. | 1 വർഷം | Class ടീച്ചേഴ്സ് | |
| | ക്ലാസ് അടിസ്ഥാനത്തിൽ പച്ചക്കറിത്തോട്ട നിർമ്മാണം, വൃക്ഷത്തൈ നടൽ, സംരക്ഷണം | June. | Eco Club | |
| ഔഷധ സസ്യങ്ങളും അവയുടെ ഗുണങ്ങളും തിരിച്ചറിയുന്നു. | നാട്ടിൽ ലഭ്യമായ ഔഷധ സസ്യങ്ങൾ ശേഖരിച്ച് ഔഷധത്തോട്ടം വിപുലീകരിക്കുന്നു. | 1 വർഷം | " | |
| | നാട്ടിലെ പാരമ്പര്യവൈദ്യന്മാരുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | August | " Class Teacher | |
| കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തുന്നു | ക്ലാസ് അടിസ്ഥാനത്തിൽ ഓരോ ക്ലാസിനും ഓരോ പച്ചക്കറി വിത്തുകൾ നൽകുന്നു. | 1 വർഷം | Class teacher | |
| ശാസ്ത്രീയ മാലിന്യനിർമ്മാർജ്ജനം | സ്കൂൾ പരിസരത്ത് മഴക്കുഴി നിർമ്മാണം, ജൈവ അജൈവ മാലിന്യങ്ങൾ പ്രത്യേകം ശേഖരിച്ച് സംസ്കരിക്കുന്നു | " | Eco club | |
| സ്കൂൾപരിസരസൗന്ദര്യവൽക്കരണം | ഉദ്യാനസംരക്ഷണം, വൃക്ഷങ്ങൾക്ക് തറകെട്ടി മോടികൂട്ടുന്നു. | " | PTA | |

# പെൺകുട്ടികൾക്കുവേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

പെൺകുട്ടികൾക്ക് ആത്മവിശ്വാസവും സ്വയം പര്യാപ്തതയും ഉണ്ടാകുവാൻ വേണ്ടി Girls club രൂപീകരിക്കാൻ ആഗ്രഹിക്കുന്നു.

പെൺകുട്ടികൾക്ക് കരാട്ടെ ക്ലാസുകൾ, വിവിധ തൊഴിൽ പരിശീലനങ്ങൾ, യോഗ ക്ലാസുകൾ, പെൺകുട്ടികളുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരം കാണുന്നതിനുമായി വിദഗ്ധരെക്കൊണ്ട് ക്ലാസുകൾ നടത്താൻ ഉദ്ദേശിക്കുന്നു.

# പദ്ധതി വിശദാംശങ്ങൾ

ഭാഷാപഠനം സുഗമമാക്കാൻ ആവശ്യമായ കാര്യങ്ങളും പ്രതീക്ഷിക്കുന്ന ചെലവുകളും.

| ഇനം | തുക. |
| --- | --- |
| സാഹിത്യകാരൻമാരുമായി അഭിമുഖം | 22,000 |
| ശാസ്ത്രീയ കലാവതരണം | 25,000 |
| കലാരൂപങ്ങളുടെ പ്രദർശനം | 15,000 |
| നാടകശില്പശാല | 60,000 |
| കഥ, കവിത രചന ശില്പശാല | 35,000 |
| ഭാഷാലാബ് | 300000 |
| സംസ്കൃത പരിശീലന ശിബിരം | 20,000 |
| | 482,000 |

# ശാസ്ത്രലാബ്

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം വിഷയങ്ങൾക്കായി സമഗ്രമായ ലാബ് നിർമ്മിക്കേണ്ടതുണ്ട്.

പ്രതീക്ഷിത ചെലവുകൾ.

| ഇനം | തുക. |
|---|---|
| കെട്ടിടം സജ്ജീകരിക്കൽ | 2,50,000 |
| അലമാര | 80,000 |
| 4 വലിയ മേശകൾ | 64,000 |
| 60 സ്റ്റൂളുകൾ | 18,000 |
| ഉപകരണങ്ങൾ | 2,00000 |
| ഗ്ലാസ് ഭരണികൾ, ഉപകരണങ്ങൾ | 10,0000 |
| വൈദ്യുതീകരണം | 14,000 |
| ഫാൻ, ലൈറ്റ് | 12,000 |
| സ്റ്റാൻഡ് | 40,000 |
| പ്രൊജക്ടർ | 50,000 |
| | 7,48000 // |

# കമ്പ്യൂട്ടർ ലാബ് നവീകരണം.

യു.പി. എച്ച് എസ് വിഭാഗങ്ങൾക്കായി പ്രത്യേകം കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നു

പ്രതീക്ഷിക്കുന്ന ചെലവുകൾ

| ഇനം | തുക |
| --- | --- |
| ഇൻവെർട്ടർ | 1,50000 |
| ലാപ്ടോപ്പ് | 40,000 |
| പ്രൊജക്ടർ | 50,000 |
| വൈദ്യുതീകരണം | 40,000 |
| അറ്റകുറ്റപ്പണികൾ | 10,000 |
| യു.പി. ലാബ് | 3,00000 |
| | 590,000// |

## ലൈബ്രറി വിവരണം

ലൈബ്രറിക്ക് പുതിയ കെട്ടിടവും ഫർണിച്ചറും ആവശ്യമാണ് ഡിജിറ്റൽ ലൈബ്രറിയും ആവശ്യമാണ്.

പ്രതീക്ഷിക്കുന്ന ചെലവുകൾ

| ഇനം | ചെലവ് |
|---|---|
| കെട്ടിടം (800, sq.feet) | 11,00000 |
| ഫർണിച്ചർ | 50,000 |
| ഫാൻ, ലൈറ്റ് | 20,000 |
| പുസ്തകങ്ങൾ | 1,00000 |
| ഡിജിറ്റൽ ലൈബ്രറി. | 20, 00000 |
| | 3,270,000 // |

## കല, കായിക പ്രവർത്തനങ്ങൾ

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കല-കായിക ഇനങ്ങൾ പരിശീലിപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി ശില്പശാലകൾ, സിനിമ പ്രദർശനം, നാടകാവതരണം മറ്റു കലകളുടെ ആവിഷ്കാരം എന്നിവ നടത്തണം.

പ്രതീക്ഷിക്കുന്ന ചെലവ്:-

| ഇനം | ചെലവ് (രൂപ) |
|---|---|
| ഓഡിറ്റോറിയം നിർമ്മാണം | 2,75,000 |
| ഫർണിച്ചർ | 1,25000 |
| പരിശീലകർക്കുള്ള വാർഷിക പ്രതിഫലം | 70000 |
| കല പ്രദർശനങ്ങൾ | 125000 |
| ഫുട്ബോൾ കോർട്ട് നവീകരണം | 100000 |
| വോളിബോൾ കോർട്ട് നവീകരണം | 250000 |
| ഷട്ടിൽ കോർട്ട് | 150000 |
| ഖോ ഖോ കോർട്ട് | 150000 |
| വിവിധ കളി ഉപകരണങ്ങൾ | 75,000 |
| ലോംഗ് ജംപ് പിറ്റ് | 55,000 |
| ഹൈ ജംപ് പിറ്റ് | 55,000 |
| യോഗ മാറ്റുകൾ | 50,000 |

## ഉപകരണ പദ്ധതി.

നിലവിലുള്ള പാചകപ്പുര, കുടിവെള്ള സൗകര്യങ്ങൾ, പാത്രങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ഡൈനിംഗ് ഹാൾ, കുട്ടികൾക്കാവശ്യമായ പാത്രങ്ങൾ, ഫർണിച്ചർ എന്നിവ സജ്ജീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

പ്രതീക്ഷിക്കുന്ന ചെലവ് :-

| ഇനം | ചെലവ് |
|---|---|
| പാചകപ്പുര, ഡൈനിംഗ് ഹാൾ | 18,00000 |
| ഫർണിച്ചർ | 4,00000 |
| ഗ്രൈൻഡർ | 10,000 |
| അടുക്കളത്തോട്ടം | 15,000 |
| കുഴൽക്കിണർ റീചാർജിംഗ് | 20,000 |
| | 2245,000 // |

## ആരോഗ്യ വിദ്യാഭ്യാസം.

20 കുട്ടികൾക്ക് ഒരു ശുചിമുറി എന്ന ലക്ഷ്യത്തിലെത്താൻ ഇനിയും ശൗചാലയങ്ങൾ ആവശ്യമാണ്. പെൺകുട്ടികൾക്കായി girls friendly toilets ആവശ്യമാണ്. ആൺകുട്ടികൾക്കും ശുചിമുറികൾ ആവശ്യമാണ്.

പ്രതീക്ഷിക്കുന്ന ചെലവ്.

| ഇനം | ചെലവ് |
| --- | --- |
| 10 toilets. | 10,00000 |
| Girls friendly toilets | 1,00000 |
| | 11,000000 // |

# ഉപസംഹാരം

അന്താരാഷ്ട്ര ഗുണനിലവാരത്തിലുള്ള ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാനും അതിലൂടെ വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളിലും മികവ് കൈവരിക്കുവാനും കഴിയും. സംസ്കാര സമ്പന്നമായ സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാനായി ദീർഘവീക്ഷണത്തോടെയുള്ള ഉത്തമ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുന്നു. മേൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കാനുള്ള സഹകരണം, PTA, മാനേജ്മെന്റ് എന്നിവരുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.